# ഫിര്‍ഖത്തുന്നാജിയ (രക്ഷപ്പെട്ട കക്ഷി)യുടെ വിശേഷണങ്ങള്‍

[ മലയാളം – Malayalam – مليالم ]


ഡോഃ അലിബ്‌നു അബ്ദുര്‍റഹ്മാന്‍ അല്‍ഹുദൈഫി
(ഇമാം മസ്ജിദുന്നബവി മദീന:മുനവ്വറ:)

**വിവര്‍ത്തനം:** അബൂ അഫീഫ് സലഫി
ഖഫ്ജി ദഅ്‌വ സെന്റര്‍, സഊദി അറേബ്യ



2014 - 1435

IslamHouse.com

# صفات الفرقة الناجية

« باللغة الماليبارية »

## علي بن عبد الرحمن الحذيفي

ترجمة: سيد سعفر صادق

2014 - 1435

IslamHouse.com

بسم الله الرحمن الرحيم

ഹംദിനും, സ്വലാത്തിനും, സലാമിനും ശേഷം:

മുസ്‌ലിം സഹോദരങ്ങളെ, അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹുവിനെയും, അവൻെറ റസൂലിനെയും അനുസരിക്കുക, എങ്കിൽ നിങ്ങൾ വിജയികളായേക്കാം.

അല്ലാഹുവിൻെറ അടിമകളെ, അവസാന പ്രവാചകനായി മുഹമ്മദ് നബി(ﷺ)യെ നിയോഗിച്ച രക്ഷിതാവിൻെറ ഉന്നതി മഹത്വരവും, അവൻെറ നാമങ്ങൾ വിശുദ്ധവുമാണ്. ആ പ്രവാചകന് വേദഗ്രന്ഥവും, ഹിക്മത്തും (വേദഗ്രന്ഥത്തിൻെറ വിശദീകരണമായ ഹദീഥ്) ഇറക്കികൊടുത്തു. അങ്ങിനെ പ്രവാചകൻ ഉൾകാഴ്ചയോടെ തൻെറ രക്ഷിതാവിലേക്ക് ജനങ്ങളെ ക്ഷണിച്ചു. ജനങ്ങൾ ഖുർആനും, നബിചര്യയും പഠിച്ച്കൊണ്ട് അല്ലാഹുവിൻെറ ദീനിൽ അവഗാഹം നേടി. പ്രവാചകൻ(ﷺ) ഉന്നതരായ കൂട്ടുകാരിലേക്ക്(രക്ഷിതാവിലേക്ക്) തിരുച്ചുപോവുമ്പോൾ ചൊവ്വായതും, അവക്രവും, സുവ്യക്തമായ തെളിഞ്ഞ പാതയിലാണ് തൻെറ സമുദായത്തെ വിട്ടേച്ച്പോയത്. അല്ലാഹു പറയുന്നു:

(وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ذَلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَتَّقُونَ ) [الأنعام:١٥٣]

‘ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കള യും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശ മാണത്. ’ (അൻആം:153)

പ്രവാചകൻ(ﷺ) പറയുന്നു:

عن العرباض بن سارية رضي الله عنه، وقال صلى الله عليه وسلم :( تركتُكم على المحجَّة البيضاء، ليلُها كنهارِها، لا يزيغ عنها إلا هالك) ] أخرجه أحمد ٤ /١٢٦، وابن ماجه في مقدمة السنن ٤٣، وابن أبي عاصم في السنة ٤٨، والطبراني في الكبير ٢٥٧/١٨ وصححه الحاكم ٣٣١، وحسن إسناده المنذري في الترغيب ٤٧/١، وهو في السلسلة الصحيحة ٩٣٧.

ഇർബാള്ബ്നു സാരിയ്യ:(ﷺ)വിൽ നിന്നും: നബി(ﷺ) പറഞ്ഞു: "തെളിഞ്ഞ മാർഗത്തിലാണ് ഞാൻ നിങ്ങളെ വിട്ടേച്ചിട്ടുള്ളത്, അതിന്റെ രാവ് പകൽപോലെ തെളിമയുള്ളതാണ്, നശിച്ചവനല്ലാതെ അതിൽ നിന്ന് പിഴച്ച്പോവുകയില്ല" (അഹമദ്, ഇബ്നുമാജ, സിൽസിലത്തുസ്വഹീഹ:)

വിശ്വാസത്തിന്റെ അടിത്തറയും, വിശ്വാസികളുടെ ഗുണങ്ങളും കൃത്യമായി ഉന്നതനായ അല്ലാഹു വിശദമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

(لَيْسَ الْبِرَّ أَنْ تُوَلُّوا وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَكِنَّ الْبِرَّ مَنْ آمَنَ بِاللَّهِ وَالْيَوْمِ الآخِرِ وَالْمَلائِكَةِ وَالْكِتَابِ وَالنَّبِيِّينَ وَآتَى الْمَالَ عَلَى حُبِّهِ ذَوِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينَ وَابْنَ السَّبِيلِ وَالسَّائِلِينَ وَفِي الرِّقَابِ وَأَقَامَ الصَّلاةَ وَآتَى الزَّكَاةَ وَالْمُوفُونَ بِعَهْدِهِمْ إِذَا عَاهَدُوا وَالصَّابِرِينَ فِي الْبَأْسَاءِ وَالضَّرَّاءِ وَحِينَ الْبَأْسِ أُوْلَئِكَ الَّذِينَ صَدَقُوا وَأُوْلَئِكَ هُمْ الْمُتَّقُونَ) [البقرة:١٧٧].

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കന്നും, ചോദിച്ചു വരുന്ന വർക്കും,

അടിമമോചനത്തിന്നും നൽകുകയും, പ്രാർത്ഥന ( നമസ്കാരം ) മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു ( ദോഷബാധയെ ) സൂക്ഷിച്ചവര്' ' (അൽബഖറ:177).

**ജിബ്‌രീൽ(عليه السلام) പ്രവാചക(സ)യോട് ചോദിച്ച വേളയിൽ മതത്തിൻെറ പദവികൾ റസൂലുല്ലാഹ്(ﷺ) കൃത്യമായി വിശദമാക്കുകയുണ്ടായി. അത് ഇസ്‌ലാം, ഈമാൻ, ഇഹ്സാൻ എന്നിവയാണ്. നബി(ﷺ) സുന്നത്തുകൾ എന്താണെന്ന് ജീവിതത്തിൽ പകർത്തി കാണിച്ചു തരികയും, വിധിവിലക്കുകൾ വിശദമാക്കുകയും, ഹലാലും, ഹറാമും വ്യക്തമാക്കുകയും ചെയ്തതോടൊപ്പം തന്നെ വിശ്വാസ കാര്യങ്ങൾ പരിപൂർണമായി വിവരിച്ച് തരികയും ചെയ്തു. അതുപോലെ തന്നെ തൻെറ രക്ഷിതാവിനെ യഥാർത്ഥ രൂപത്തിൽ എങ്ങിനെയാണ് ആരാധിക്കേണ്ടതെന്ന് ജീവിതത്തിലൂടെ യാഥാർത്ഥ്യമാക്കി കാണിച്ച് തരികയും ചെയ്തു. ഈ കാര്യങ്ങളെല്ലാം അല്ലാഹുവിൻെറ തിരുദൂതർ കൃത്യമായി പൂർത്തീകരിച്ചുവെന്നതിന് അല്ലാഹു തിരുനബിയെ പുകഴ്ത്തുകയും, മഹത്വപ്പെടുത്തുകയും ചെയ്ത താഴെ വരുന്ന ആയത്ത് തന്നെ മതിയാവുന്നതാണ്:**

(وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ )[القلم:٤]

''തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.' (അൽഖലം:4).

**പ്രവാചകാനുചരരായ സ്വഹാബക്ക(റ)ളെ അല്ലാഹുവിൻെറ റസൂൽ(ﷺ) ശിക്ഷണം നൽകി വളർത്തി. അവരാണ് ഇസ്‌ലാമിക ശരീഅത്ത് നമ്മളിലേക്ക് എത്തിച്ചത്, അതിനായി**

**അവർ കഠിനപരിശ്രമം തന്നെ നടത്തുകയുണ്ടായി. പ്രവാചകൻ(ﷺ)യോടൊപ്പം സഹവസിക്കുവാനായി അല്ലാഹു അവരെ പ്രത്യേകം തിരഞ്ഞെടുത്തു. പരിപൂർണ വിശ്വാസം, നന്മയിലേക്ക് ധൃതിപ്പെടൽ, സൽകർമ്മങ്ങൾ പ്രവർത്തിക്കൽ തുടങ്ങിയ നന്മകളെല്ലാം അവരിൽ സമ്മേളിച്ചിരുന്നുവെന്ന് അല്ലാഹു തന്നെ അവരെ വിശേഷിപ്പിക്കുന്നത് നാം കാണുക:**

( وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ وَالَّذِينَ آوَوا وَنَصَرُوا أُوْلَئِكَ هُمُ الْمُؤْمِنُونَ حَقًّا لَهُمْ مَغْفِرَةٌ وَرِزْقٌ كَرِيمٌ ) [الأنفال:٧٤]

“വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.”’ (അൻഫാൽ:74)

( وَالسَّابِقُونَ الأَوَّلُونَ مِنْ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ )[التوبة:١٠٠]

“മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളാ യിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.’ (തൗബ:100)

പ്രവാചകാനുചരൻമാരുടെ പ്രത്യേകത പ്രവാചക തിരുമൊഴികളിലൂടെ നാം അറിയുക:

عن عمران بن حصين رضي الله عنه قال صلى الله عليه وسلم : *خيركم قرني، ثم الذين يلونهم، ثم الذين يلونهم، ثم الذين يلونهم) ( أخرجه البخاري في الشهادات ٢٦٥١، ومسلم في فضائل الصحابة ٢٥٣٥ )

ഇംറാനുബ്നു ഹുസൈൻ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "നിങ്ങളിൽ ഉത്തമർ എൻെറ നൂറ്റാണ്ടുകാരാണ്, പിന്നെ, അവരെ തുടർന്ന് വന്നവരാണ്, പിന്നീട് അവരെ തുടർന്നവരാണ്, പിന്നെ അവരെ തുടർന്ന് വന്നവരാണ്" (ബുഖാരി)

ഇസ്ലാമിനെ ജീവിതത്തിൽ പരിപൂർണമായും പ്രാവർത്തികമാക്കിയവരാണ് സലഫു സ്വാലിഹീങ്ങൾ, അവർ തങ്ങളുടെ പൊതു സമൂഹത്തിലും, രഹസ്യ ജീവിതത്തിലും മത നിയമങ്ങളെ പ്രാവർത്തികമാക്കുകയും, പരിപൂർണമായി ജീവിതത്തിൽ യാഥാർത്ഥ്യമാക്കുകയും ചെയ്തു. അവർക്ക് ശേഷം വന്നവർ ഇസ്ലാമിക അധ്യാപനങ്ങളിൽ മാതൃകയാക്കേണ്ടത് അവരെയാണ്. അറിവിലും, പ്രവർത്തനത്തിലും അവരുടെ ചരിത്രം അവരെ തുടർന്ന് വന്നവരുടെ മുന്നിൽ പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നു. ആരാണോ അവരുടെ വഴി പിൻതുടരുന്നത് അവർ സൻമാർഗികളും, സ്വർഗവിജയികളുമായി തീരും, ആരാണോ അവരോട് എതിരാവുന്നത് അവർ വഴിപിഴച്ചവരും, നിന്ദ്യരും, നഷ്ടക്കാരുമായി തീരുന്നതാണ്.

സലഫു സ്വാലിഹീങ്ങൾ ജനങ്ങളിൽ വെച്ച് ഏറ്റവും അറിവുള്ളവരും, അറിഞ്ഞതനുസരിച്ച് പ്രവർത്തിച്ചവരും, നബി(ﷺ)യെ ഏറ്റവും കൂടുതൽ പിൻതുടർന്നവരുമാണ്. അതുകൊണ്ട്തന്നെ പ്രവാചകനെയും, സ്വഹാബികളെയും നിങ്ങൾ മുറുകെ പിടിക്കുവാൻ പ്രവാചകൻ തൻെറ

സമുദായത്തെ പ്രേരിപ്പിക്കുകയും, സ്വഹാബികൾ ഏതൊരു മാർഗമാണോ പിൻതുടർന്ന് വന്നത് ആ മാർഗം പിൻതുടരണമെന്ന് കൽപിക്കുകയും ചെയ്തു. സമുദായം ഭിന്നിച്ച് വഴി തെറ്റിപോവുമ്പോൾ പ്രവാചകനും, സ്വഹാബാക്കളും ഏതൊരു മാർഗം അവലംബിച്ചുവോ ആ മാർഗം സ്വീകരിക്കുന്നവരാണ് രക്ഷപ്പെട്ട വിഭാഗമെന്ന് വ്യക്തമായി ജനങ്ങളെ ബോധവൽ ക്കരിക്കുകയും ചെയ്തു. റസൂലുല്ലാഹ്(ﷺ) പറയുന്നു:

فقال صلى الله عليه وسلم : (افترقَتِ اليهود على إحدَى وسبعين فرقة، وافترقتِ النصارى على اثنتَين وسبعين فرقة، وستفترِق هذه الأمّة على ثلاثٍ وسبعين فرقة، كلُّها في النارِ إلا واحدة*، قيل: من هي يا رسول الله؟ قال : * من كان على مثلِ ما أنا عليه وأصحابي) [٤]. أخرجه الترمذي في الإيمان، باب: ما جاء في افتراق هذه الأمة ٢٦٤١ من حديث عبد الله بن عمرو رضي الله عنهما نحوه، وقال: "هذا حديث حسن غريب"، وحسنه الألباني في صحيح سنن الترمذي ٢١٢٩. وفي الباب عن عدد من الصحابة.

റസൂലുല്ലാഹ്(ﷺ) പറയുന്നു: “ജൂതൻമാർ എഴുപത്തിയൊന്ന് വിഭാഗമായി ഭിന്നിച്ചു, ക്രൈസ്തവർ എഴുപത്തിരണ്ട് വിഭാഗമായി ഭിന്നിച്ചു, ഈ സമുദായം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കുക തന്നെ ചെയ്യുന്നതാണ്. എല്ലാം നരകത്തിലാണ്, ഒന്നൊഴിച്ച്, ചോദക്കപ്പെട്ടു, ആരാണ് ആ വിഭാഗം, പറഞ്ഞു: ഞാനും എന്റെ സ്വഹാബാക്കളും ജീവിച്ചപോലെ ആരാണോ ആയി തീരുന്നത് അവരാണാ വിഭാഗം” (തിർമിദി, അൽബാനി ഹസനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

എല്ലാവരും നരകത്തിലാണെന്ന് റസൂലുല്ലാഹ്(ﷺ) വ്യക്തമാക്കിയതിന്റെ ഉദ്ദേശം വളരെ ശക്തമായ താക്കീത് നൽകുകയാണെന്ന് സലഫുസ്വാലിഹീങ്ങൾ

വ്യക്തമാക്കിയിരിക്കുന്നു. നബി(ﷺ) വ്യക്തമാക്കിയത്പോലെ ഭിന്നിപ്പുകളും, കക്ഷികളും ഉടലെടുക്കുകയുണ്ടായി, എന്നാൽ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഖുർആനും, തിരുസുന്നത്തും മുറുകെ പിടിക്കുവാനും, ഭിന്നിപ്പുകളും, കക്ഷിത്വവും നിരാകരിക്കുവാനും അവൻ നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. സത്യം മനസിലാക്കി അതിനെ പിൻതുടരുന്ന രക്ഷപ്പെട്ട കക്ഷിയോടൊപ്പം പ്രവർത്തന നിരതനാവാൻ ഖുർആനിലൂടെ കൽപിക്കപ്പെട്ടിരിക്കുന്നു:

(يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ )[التوبة:١١٩].

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക’ (തൗബ:119)

ഇസ്ലാമിൻെറ പേരിൽ നിലനിൽക്കുന്ന മുഴുവൻ കക്ഷികളും ഞങ്ങൾ സത്യത്തിൻെറ വക്താക്കളാണെന്നും, മറ്റുള്ളവർ അസത്യത്തിൻെറയാളുകളാണെന്നും വാദിക്കുന്നവരാണ്, എന്നാൽ ഉപകാരപ്പെടുന്ന വിജ്ഞാനവും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾകൊണ്ടുമുള്ള വിശദീകരണവുമില്ലെങ്കിൽ അല്ലാഹുവിൻെറയടുത്ത് തങ്ങളുടെ വാദങ്ങൾക്ക് യാതൊരു പരിഗണനയുമുണ്ടാവില്ലയെന്ന് നാം മനസിലാക്കുക. ഓരോ മുസ്ലിമും തൻെറ മതത്തിൽ ഉൾകാഴ്ചയുള്ളവനാകാനും, തൻെറ രക്ഷിതാവിൽ നിന്നുള്ള പ്രകാശം ലഭിക്കാനും ഫിർഖത്തുന്നാജിയയുടെ വിശേഷണങ്ങൾ അല്ലാഹു തൻെറ വേദഗ്രന്ഥത്തിലും, റസൂലുല്ലാഹ്(ﷺ) തൻെറ സുന്നത്തിലും വളരെ വിശദമായി വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

(وَمَنْ لَمْ يَجْعَلْ اللَّهُ لَهُ نُورًا فَمَا لَهُ مِنْ نُورٍ ) [النور:٤٠].

“അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല.’ (നൂർ:40)

**ഫിർഖത്തുന്നാജിയയുടെ വിശേഷണങ്ങളിൽ പ്രഥമമായിട്ടുള്ളത് മുസ്ലിം സമുദായത്തിലെ മുൻഗാമികളായ സലഫു സ്വാലിഹീങ്ങളെ പിൻതുടരുകയെന്നതാണ്. അതാണ് അല്ലാഹു തൻെറ ഖുർആനിൽ വ്യക്തമാക്കുന്നത്:**

(وَالسَّابِقُونَ الأَوَّلُونَ مِنْ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ ) [التوبة:١٠٠].

“മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരി ക്കും. അതത്രെ മഹത്തായ ഭാഗ്യം.’ (തൗബ:100)

**അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുകയും, സഹായം ചോദിക്കുകയും, ഇസ്തിഗാഥ നടത്തുകയും, രക്ഷ ചോദിക്കുകയും ചെയ്യുക പോലെയുള്ള ആരാധനകളിൽ സലഫു സ്വാലിഹീങ്ങൾ സ്വീകരിച്ച മാർഗം നാം അനുധാവനം ചെയ്യുക. അല്ലാഹുവിനോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കാതിരിക്കുക, സഹായം ചോദിക്കാതിരിക്കുക, ആരാധനയുടെ ഒരു അംശത്തിലും അല്ലാഹുവിൽ പങ്ക് ചേർക്കാതിരിക്കുക, അല്ലാഹു ഖുർആനിലും, പ്രവാചകൻ(സ) തൻെറ ചര്യയിലും പരിചയപ്പെടുത്തിത്തന്ന അല്ലാഹുവിൻെറ വിശേഷണങ്ങളെ അവന് മാത്രം സ്ഥിരപ്പെടുത്തുക, അതിൻെറ അർത്ഥം മാത്രം പറയുക, അതിന് രൂപം**

നൽകാതിരിക്കുക, അല്ലാഹുവിൻെറ വിശുദ്ധിക്ക് ഭംഗം വരുന്ന മുഴുവൻ പോരായ്മകളിൽ നിന്നെല്ലാം തന്നെ അവനെ പരിശുദ്ധപ്പെടുത്തുക. ഈ രീതിയാണ് അല്ലാഹുവിൻെറ നാമ വിശേഷണങ്ങളിൽ സലഫു സ്വാലിഹീങ്ങൾ സ്വീകരിച്ച മാർഗം, അവർക്കതിൻെറ ആശയം അറിയാമായിരുന്നു, അത്കൊണ്ടാണ് ഇസ്ലാമിൻെറ വിധിവിലക്കുകളിൽ തിരുമേനി(സ)യോട് അവർ സംശയം ചോദിച്ചപോലെ അല്ലാഹുവിൻെറ നാമവിശേഷണങ്ങളിൽ അവർ സംശയം ചോദിക്കാതിരുന്നത്. അത്കൊണ്ട് തന്നെ വിശ്വാസ കാര്യങ്ങളിലും, വിധിവിലക്കുകളിലും സലഫുകൾ എവിടെയാണോ നിന്നത് ആ സ്ഥാനത്ത് തന്നെ നാമും നിൽക്കുകയും, അവിടെ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുക.

ഫിർഖത്തുന്നാജിയയുടെ മറ്റൊരു വിശേഷണമാണ് വിശുദ്ധഖുർആനും, തിരുസുന്നത്തും മുറുകെ പിടിക്കുകയും, ഭിന്നതകളും, സംശയങ്ങളും വരുന്ന സാഹചര്യത്തിൽ അതിലേക്ക് മടങ്ങുയെന്നതും. അല്ലാഹു പറയുന്നു:

(وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلا تَفَرَّقُوا ) [آل عمران:١٠٣]

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്.' (ആലുഇംറാൻ:103)

( فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِنْ كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الآخِرِ )[النساء:٥٩]

"ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ ( അതാണ് വേണ്ടത്. ) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും' (നിസാഅ്:59).

**വിശുദ്ധഖുർആനിനെ മനസിലാക്കേണ്ടതും, വ്യഖ്യാനിക്കേണ്ടതും, വിശദീകരിക്കേണ്ടതും ഖുർആൻ, പ്രവാചക ചര്യ, സ്വഹാബാക്കൾ താബിഉകൾ എന്നിവരുടെ വാക്കുകൾ എന്നിവകൊണ്ടാകുന്നു. പരസ്പരം സാദൃശ്യമുള്ളതിനെ പിൻതുടരുകയും, സ്വന്തം അഭിപ്രായങ്ങൾകൊണ്ട് ഖുർആനിനെ വ്യഖ്യാനിക്കുകയും ചെയ്യുന്നവരെ അല്ലാഹു ആക്ഷേപിക്കുന്നതോടൊപ്പം തന്നെ മതത്തിൽ അവഗാഹം നേടുകയും, പ്രവാചക ചര്യമുറുകെ പിടിക്കുകയും ചെയ്തവരെ പുകഴ്ത്തുകയും ചെയ്തിരിക്കുന്നു.**

**അല്ലാഹുവിനോടും, അവൻെറ റസൂലിനോടും തർക്കിക്കാതിരിക്കുക, സലഫുകളും, മുസ്ലിം സമുദായത്തിലെ പണ്ഡിതൻമാരും യോജിച്ചെടുത്ത തീരുമാനമായ 'ഇജ്മാഅ്' സ്വീകരിക്കുകയെന്നതും ഫിർഖത്തുന്നാജിയയുടെ വിശേഷണത്തിൽ പെട്ടതാകുന്നു. അല്ലാഹു പറയുന്നു:**

وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا [النساء:١١٥].

''തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!' (നിസാഅ്:115).

**റസൂലുല്ലാഹ്(ﷺ)യുടെ വാക്കുകളെയും, ചര്യയേയും മഹത്വപ്പെടുത്തുകയും, പരിഗ ണിക്കുകയും, അതിനെ സംരക്ഷിക്കുകയും, അതിനെതിരെയുള്ള ആരോപണങ്ങളെ**

**പ്രതിരോധിക്കുകയും, അതനുസരിച്ച് വിധി നടപ്പിലാക്കുകയും ചെയ്യുകയെന്നതും ഫിർഖത്തുന്നാജിയയുടെ അടയാളത്തിൽ പെട്ടതാണ്. ഖുർആൻ പ്രസ്താവിക്കുന്നു:**

(إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَنْ يَقُولُوا سَمِعْنَا وَأَطَعْنَا وَأُولَئِكَ هُمُ الْمُفْلِحُونَ ) [النور:٥١]،

''തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലി ലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ' (നൂർ:51).

( فَلا وَرَبِّكَ لا يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لا يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ) [النساء:٦٥]

''ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.' (നിസാഅ്:65).

**ഇമാം ആജുർരി ഇംറാന്ബ്നു ഹുസൈനിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നത് കാണാം: "അല്ലാഹുവിൻെറ ഗ്രന്ഥത്തിലുള്ളത് കൊണ്ടല്ലാതെ ഞാനൊന്നും പ്രവർത്തിക്കുകയില്ലായെന്ന് പറഞ്ഞ ഒരാളോട് അദ്ദേഹം പറയുകയുണ്ടായി: നീ വിഢ്ഢിയാണ്, അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ ളുഹർ നമസ്കാരം നാല് റകഅത്താണെന്നും, അതിൽ ഉറക്കെ ഖുർആൻ പാരായണം പാടില്ലായെന്നും നീ കാണിച്ച് തരുമോ? അങ്ങിനെ നമസ്കാരം, സകാത്ത് എന്നീ വിഷയങ്ങൾ അദ്ദേഹം ചോദിക്കുകയുണ്ടായി, തുടർന്ന്**

വ്യക്തമാക്കുകുണ്ടായി: അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ ഇവയെല്ലാം വിശദമായി നിനക്ക് കാണാൻ കഴിയുമോ? കാരണം തീർച്ചയായും അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ അവയെല്ലാം തന്നെ ചുരുക്കിയാണ് പ്രതിപാദിച്ചിരിക്കുന്നത്, പ്രവാചക ചര്യയാണ് അവയെല്ലാം വിശദമാക്കുന്നത്.

ഇമാം അഹ്മദ് അബ്ദുല്ലാഇബ്നു മസ്ഊദ്(ﷺ)വിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പച്ച കുത്തുന്നവരെയും, പച്ച കുത്താൻ ആവശ്യപ്പെടുന്നവരെയും സംബന്ധിച്ച് പറയുകയുണ്ടായി: താഴെ വരുന്ന ആയത്ത് അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ ഉണ്ടായിരിക്കെ റസൂലുല്ലാഹ്(ﷺ) ശപിച്ചവരെ ഞാൻ ശപിക്കാതിരിക്കുകയോ?

(وَمَا آتَاكُمْ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا ) [الحشر:٧]

“നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക’ (ഹശ്ർ:7).

ഫിർഖത്തുന്നാജിയയുടെ മറ്റൊരു വിശേഷണത്തിൽ പെട്ടതാണ് സത്യം മനസി ലാക്കുവാനും, തെളിവുകൾ കണ്ടെത്തുവാനും കഠിനാദ്ധ്വാനം ചെയ്യുകയെന്നതും, ഖുർആനിലോ, തിരുസുന്നത്തിലോ ഉള്ള തെളിവുകൾ കൂടാതെയുള്ള അഭിപ്രായങ്ങൾ മതത്തിൻെറ ഭാഗമായി ആരു പറഞ്ഞാലും അതിനെ നിരാകരിക്കുകയെന്നതും. അല്ലാഹു പറയുന്നു:

(الَّذِينَ يَسْتَمِعُونَ الْقَوْلَ فَيَتَّبِعُونَ أَحْسَنَهُ أُوْلَئِكَ الَّذِينَ هَدَاهُم اللَّهُ وَأُوْلَئِكَ هُمْ أُوْلُوا الأَلْبَابِ ) [الزمر:١٨]

“അതായത് വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക് .അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാൻമാർ’ (സുമർ:18).

( اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلاً مَا تَذَكَّرُونَ ) [الأعراف:٣].

“നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ’. (അഅ്റാഫ്:3).

**ഫിർഖത്തുന്നാജിയയുടെ വിശേഷണത്തിൽ പെട്ടതാണ് വിശ്വാസികളെ ഇഷ്ടപ്പെടുകയും, അവരോട് കാരുണ്യം കാണിക്കുകയും, അവരെ ഉപദേശിക്കുകയും, അവർക്കെതിരെയുള്ള ഉപദ്രവങ്ങളെ തടയുകയും, പ്രയാസങ്ങളെ വിപാടനം ചെയ്യുകയും ചെയ്യുകയെന്നത്. അല്ലാഹു പറയുന്നു:**

(يَا أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ) [المائدة:٥٤]

“സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്ന പക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും, അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ട് വരുന്നതാണ്. അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും’ (മാഇദ:54).

**സലഫു സ്വാലിഹീങ്ങളെ തൊട്ട് തങ്ങളുടെ ഹൃദയങ്ങളെയും, നാവിനെയും സുരക്ഷിത മാക്കുകയും, അവരെ സ്നേഹിക്കുകയും ചെയ്യുകയെന്നത് ഫിർഖത്തുന്നാജിയയുടെ വിശേഷണ ത്തിൽ പെട്ടതാകുന്നു. അല്ലാഹു പറയുകയാണ്**

(وَالَّذِينَ جَاءُوا مِنْ بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلإِخْوَانِنَا الَّذِينَ سَبَقُونَا بِالإِيمَانِ وَلا تَجْعَلْ فِي قُلُوبِنَا غِلاً لِلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَحِيمٌ ) [الحشر:١٠].

‘‘അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദര ങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ച യായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു’(ഹശ്ർ:10).

**സലഫുസ്വാലിഹീങ്ങളെ ചീത്തവിളിക്കുകയും, ശപിക്കുകയും ചെയ്ത ഇസ്ലാമിക കക്ഷികളെ നമുക്ക് കാണാം, അവർ അല്ലാഹുവിൻെറ ഔലിയാക്കളുടെ നേതാക്കളെയാണ് ആക്ഷേപിക്കുകയും ശപിക്കുകയും ചെയ്തിരിക്കുന്നത്. ഈ വിഭാഗത്തിൽ നിന്നും നാം രക്ഷപ്പെടേണ്ടതുണ്ട്, അവരെ സൂക്ഷിക്കുകയും, അവർക്ക് മറുപടി നൽകുകയും ചെയ്യുക.**

**മതനിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക, അതിലേക്ക് ജനങ്ങളെ ക്ഷണിക്കുക, അതിനെതിരിൽ പ്രവർത്തിക്കുന്നവർക്ക് തെളിവുകൾ എത്തിച്ച്കൊടുക്കുകയും, അതിന്വേണ്ടി പരിശ്രമിക്കുകയും ചെയ്യുകയെന്നതും**

**ഫിർഖത്തുന്നാജിയയുടെ വിശേഷണത്തിൽ പെട്ടതാകുന്നു. അല്ലാഹു പറയുന്നു:**

(فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلا يَخَافُونَ لَوْمَةَ لائِمٍ ) [المائدة:٥٤]

''അല്ലാഹു ഇഷ്ടപ്പെടുന്നവരും, അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗ ത്തെ അല്ലാഹു പകരം കൊണ്ട് വരുന്നതാണ്. അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്ന വരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടും. ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല' (മാഇദ:54)..

**സ്വഹീഹ് മുസ്‌ലിമിൽ നമുക്ക് കാണാം:**

وروى مسلم في صحيحه أنَّ النبيَّ صلى الله عليه وسلم . قال:* لا تزال طائفة من أمتي على الحقِّ ظاهرين، لا يضرّهم من خالفهم ولا من خذَلهم حتى يأتيَ أمر الله وهم على ذلك

**നബി(ﷺ) പറയുകയുണ്ടായി: "എന്റെ സമുദായത്തിൽ സത്യത്തിൽ നിലയുറപ്പിക്കുന്ന ഒരു കൊച്ചു സംഘം എന്നും ഉണ്ടായികൊണ്ടേയിരിക്കുന്നാതണ്, അവർ സത്യത്തിലായിരിക്കെ അല്ലാഹുവിന്റെ വിധി വന്നത്തും അവരെ വഞ്ചിക്കുന്നവരുടേയോ, അവരോട് എതിരാവുന്നവരുടേയോ ഉപദ്രവങ്ങൾ അവരെ തെല്ലും അലോസരപ്പെടുത്തുകയില്ല" (മുസ്‌ലിം)**

**അല്ലാഹുവിനും, അവന്റെ ഗ്രന്ഥത്തോടും, അവന്റെ ദൂതനോടും, മുസ്‌ലിം നേതാക്കളോടം, മുസ്‌ലിം സാമാന്യ ജനത്തോടും ഗുണകാംക്ഷയുള്ളവരാവുകയെന്നതും, തങ്ങളുടെ ഭരണകർത്താക്കളെയും, കൈകാര്യകർത്താക്കളെയും അനുസരിക്കുകയും, അവരോട് ഏറ്റവും ശരിയായ രൂപത്തിൽ**

നന്മ കൽപിക്കുകയും, തിൻമ വിരോധിക്കുകയും നൻമയിൽ അവരെ അനുസരിക്കുകയും, അല്ലാഹുവിൻെറ പക്കൽ നിന്നുള്ള വ്യക്തമായ തെളിവിൻെറ അടിസ്ഥാനത്തിൽ അവരിൽ വ്യക്തമായ കുഫ്റ് കണ്ടാലല്ലാതെ അവർക്കെതിരിൽ പ്രവർത്തിക്കാതിരിക്കുകയും ചെയ്യലും, കൈകാര്യകർത്താക്കൾക്കും നേതാക്കൾക്കുമെതിരെ പട നയിക്കുകയും മുസ്ലിങ്ങളുടെ രക്തവും, സമ്പത്തും അനുവദനീയമാക്കുകയും ചെയ്ത ഖവാരിജുകളെ പോലെയാകാതിരിക്കുകയും ചെയ്യുകയെന്നത് ഫിർഖത്തുന്നാജിയയുടെ മറ്റൊരു വിശേഷണമാണ്.

ബിദ്അത്തിൻെറ ആളുകൾ രണ്ട് വിഭാഗമാണ്, അത് നേതാക്കളും, അനുയായികളുമാണ്. ബിദ്അത്തിന് നേതൃത്വം നൽകുന്ന നേതാക്കൻമാർ ഇസ്ലാമിനെ നശിപ്പിക്കുവാൻവേണ്ടി കുതന്ത്രം പ്രയോഗിക്കുന്നവരും, ദുരുദ്ദേശത്തോടെ സംഘടിച്ചവരുമാണ്, എന്നാൽ മറ്റുള്ളവർ നല്ല ഉദ്ദേശത്തോടെയാണ് ആ നേതാക്കളെ അനുഗമിക്കുന്നത്. രണ്ട് വിഭാഗവും നശിക്കുന്നവരാണ്, അവർ അല്ലാഹുവിനോട് പശ്ചാതാപിച്ച് യഥാർത്ഥ വിശ്വാസികളായി തീരേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

(فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ وَمَا يَعْلَمُ تَأْوِيلَهُ إِلاَّ اللَّهُ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِنْ عِنْدِ رَبِّنَا) [آل عمران:٧].

“എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചു കൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അറിവിൽ അടിയുറച്ചവാരാകട്ടെ, അവർ പറയും: ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ബുദ്ധി

ശാലികൾ മാത്രമേ ആലോചിച്ച് മനസ്സിലാക്കുകയുള്ളൂ' (ആലുഇംറാൻ:7).

**മുസ്‌ലിം സഹോദരങ്ങളെ, സ്വർഗം വാഗദത്തം ലഭിച്ച, പരിപൂർണ്ണ വിശ്വാസികളാണെന്ന് ജീവിതത്തിലൂടെ സാക്ഷീകരിച്ച, അല്ലാഹു ഇഷ്ടപ്പെടുകയും, അല്ലാഹുവിനെ ഇഷ്ടപ്പെടുകയും ചെയ്ത സലഫുസ്വാലിഹീങ്ങൾ ഏതൊരു കാര്യമാണോ സ്വീകരിച്ചാചരിച്ചത് അതിനെ മുറുകെ പിടിക്കുക, അതിനെ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുക, നശിക്കുന്നവരുടെ ആധിക്യം കണ്ട് വഞ്ചിതരാവുകയോ, സൻമാർഗികളുടെ കുറവ് കണ്ട് അതിൽ അപരിചിതത്വം നടിക്കുകയോ ചെയ്യാതിരിക്കുക.**

**നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും, അല്ലാഹുവിൻെറ മതത്തിലേക്ക് സദുപദേശത്തോടെ ഉൾകാഴ്ചയോടെ ദഅ്‌വത്ത് നടത്തുകയും, ജനങ്ങൾക്ക് സത്യം എത്തിച്ച് കൊടുക്കുകയും ചെയ്യുകയെന്നതും ഫിർഖത്തുന്നാജിയയുടെ അടയാളത്തിൽ പെട്ടതാകുന്നു. അല്ലാഹു പറയുന്നു:**

(كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ) [آل عمران:١١٠]،

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു' (ആലുഇംറാൻ:110).

ويقول صلى الله عليه وسلم: * مَن رأى مِنكم منكرًا فليغيِّره بيده، فإن لم يستطع فبِلسانه، فإن لم يستطِع فبقلبه، وذلك أضعفُ الإيمان* رواه مسلم[٩]،

റസൂലുല്ലാഹ്(ﷺ) പറയുന്നു: "നിങ്ങളിൽ ആരെങ്കിലും ഒരു തിന്മ കാണുന്നുവെങ്കിൽ അതിനെ (സാധിക്കുമെങ്കിൽ) കൈ കൊണ്ട് തടുക്കുക, അതിന് സാധ്യമല്ലെങ്കിൽ തന്റെ നാവ്കൊണ്ടതിനെ തടുക്കുക, അതിനും സാധ്യമല്ലെങ്കിൽ ഹൃദയം കൊണ്ടതിനെ വെറുക്കുക, അത് വിശ്വാസത്തിന്റെ ഏറ്റവും ദുർബ്ബലമായ അവസ്ഥയാകുന്നു" (മുസ്ലിം)

തന്റെ പരിധിക്കുള്ളിൽ കൈ കൊണ്ട് തടയാൻ സാധിക്കുമെങ്കിൽ അങ്ങിനെ ചെയ്യുക, ഒരു രാഷ്ട്രത്തിൽ കൈ കൊണ്ട് തടയുന്നതിന്റെ ചുമതല ഭരണാധികാരിക്കൾക്കും, ഭരണാധികാരികൾ ചുമതലപ്പെടുന്നവർക്കുമാണ്. അല്ലാഹു പറയുന്നു:

(قُلْ هَذِهِ سَبِيلِي أَدْعُو إِلَى اللَّهِ عَلَى بَصِيرَةٍ أَنَا وَمَنْ اتَّبَعَنِي وَسُبْحَانَ اللَّهِ وَمَا أَنَا مِنْ الْمُشْرِكِينَ) [يوسف:١٠٨].

''(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ' (യൂസുഫ്:108).

മുസ്ലിം സംഘത്തിൽ നിന്ന് സലഫുസ്വാലിഹീങ്ങളായ സ്വഹാബക്കൾ, താബിഉകൾ, അവരെ നൻമയിൽ തുടർന്നവർ സഞ്ചരിച്ച പാതയിലൂടെ മുന്നോട്ട്പോകുന്ന രക്ഷപ്പെട്ട കക്ഷിയായ ഫിർഖത്തുന്നാജിയയുടെ വിശേഷണങ്ങളാണ് നാം വിശദമാക്കിയത്, അത്കൊണ്ട് അവരുടെ മാർഗത്തിലൂടെ, വഴിയിലൂടെ സഞ്ചരിക്കുകയാണെങ്കിൽ ഐഹികവും,

പാരത്രികവുമായി വിജയം കൈവരിക്കുവാൻ സാധിക്കുന്നതാണ്.

മുസ്‌ലിം സമുദായമേ, പ്രവാചകൻ(ﷺ)യുടെയും, പ്രവാചക സ്വഹാബികളുടെയും സന്മാർഗത്തിനെതിരിൽ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹുവിൻെറ റസൂൽ താക്കീത് നൽകിയിരിക്കുന്നു. റസൂലുല്ലാഹ്(ﷺ) പറഞ്ഞിരിക്കുന്നു:

فقال عليه الصلاة والسلام: * وإياكم ومحدثاتِ الأمور؛ فإنّ كلَّ بدعةٍ ضلالة [ جزء من حديث العرباض بن سارية رضي الله عنه المشهور، أخرجه أحمد ٤/١٢٦–١٢٧، وأبو داود في السنة ٤٦٠٧، والترمذي في العلم ٢٦٧٦، وابن ماجه في المقدمة ٤٦، والدارمي في مقدمة سننه ٩٥ وغيرهم، وقال الترمذي: "حديث حسن صحيح"، وصححه ابن حبان ١/١٧٩، والحاكم ١/٩٥–٩٦، ووافقه الذهبي، ونقل ابن رجب في جامع العلوم والحكم]،

റസൂലുല്ലാഹ്(സ) പറഞ്ഞിരിക്കുന്നു: “(മത)കാര്യങ്ങളിൽ പുതുതായുണ്ടാക്കുന്നതിനെ നിങ്ങൾ കരുതിയിരിക്കുക, കാരണം എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു” (തിർമിദി)

അല്ലാഹു പറയുന്നു:

(فَاسْتَقِمْ كَمَا أُمِرْتَ وَمَنْ تَابَ مَعَكَ وَلا تَطْغَوْا إِنَّهُ بِمَا تَعْمَلُونَ بَصِيرٌ)[هود:١١٢]

‘‘ആകയാൽ നീ കൽപിക്കപ്പെട്ടതു പോലെ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക് ) മടങ്ങിയവരും നേരായ മാർഗത്തിൽ നിലകൊള്ളുക. നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കരുത്. തീർച്ചയായും അവൻ നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാണ്’ (ഹൂദ്:112).

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلى آلِهِ وَصَحْبِهِ أَجْمَعِين

**ഹി:11/1/1427 ന് മസ്ജിദുന്നബവിയിൽ ഡോ: അബ്ദുർറഹ്മാൻ അൽ ഹുദൈഫി നടത്തിയ ഖുതുബയിൽ നിന്ന്.**

*********